# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2237** **04.11.2019 - ൽ മറുപടിക്ക്.**

## കണയന്നൂർ താലൂക്കിൽ ചളിക്കവട്ടത്ത് പുതിയ റേഷൻകട

**ചോദ്യം**

**ശ്രീ. ജോൺ ഫെർണാണ്ടസ് :**

(എ) എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ചളിക്കവട്ടം പ്രദേശത്ത് പുതിയ റേഷൻകട അനുവദിച്ചുകിട്ടുന്നതിനായി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ, പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഡി) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**മറുപടി**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും (ഡി) യും എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ചളിക്കവട്ടം പ്രദേശത്ത് പുതിയ റേഷൻകട അനുവദിച്ചുകിട്ടുന്നതിനായി സമർപ്പിച്ച നിവേദനം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി റേഷൻ കാർഡുകളുടെ എണ്ണം ഏകീകരിച്ച് നൽകി റേഷൻകടകളുടെ ക്രമീകരണം പുരോഗമിച്ചു വരുന്നതു കൊണ്ടും 1966 ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിനാലും പുതിയ റേഷൻ കടകൾ അനുവദിക്കുന്നത് തൽക്കാലം പരിഗണനയിലില്ല.

***സെക്ഷൻ ഓഫീസർ***